"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - കോഴിക്കോട് ജില്ല- നന്മണ്ട ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള നന്മണ്ട ഹയർ സെക്കന്ററി സ്കൂളിന് നിബന്ധനകൾക്ക് വിധേയമായി ചട്ടം 27(2) - കവറേജ്, ചട്ടം 26(5) - കെട്ടിടങ്ങൾ തമ്മിലുള്ള അകലം എന്നിവയിൽ കേരളാ പഞ്ചായത്ത് കെട്ടിട നിർമ്മാണചട്ടം 3(4) ബി പ്രകാരം ഇളവനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ(ആർ ബി) വകുപ്പ്

സ.ഉ.(സാധാ) നം.980/2024/LSGD തീയതി,തിരുവനന്തപുരം, 05-06-2024

---

പരാമർശം:- ചീഫ് ടൌൺ പ്ലാനറുടെ 20.04.2024, 15.05.2024 എന്നീ തീയതികളിലെ LSGD/PD/8901/2024-TCPA1 നമ്പർ കത്തുകൾ.

**ഉത്തരവ്**

കോഴിക്കോട് ജില്ലയിൽ നന്മണ്ട ഗ്രാപഞ്ചായത്തിൽ നന്മണ്ട വില്ലേജിൽ റി സർവ്വേ നമ്പർ 328/2 (New Survey No. 328/53)-ൽ ഉൾപ്പെട്ട 7808 ച.മീ സ്ഥലത്ത് നന്മണ്ട ഹയർ സെക്കന്ററി സ്കൂളിന്റെ നിലവിലുള്ള സ്ക്കൂൾ കെട്ടിടങ്ങൾക്കു പുറമേ പുതുതായി നിർമ്മിച്ചിട്ടുള്ള ഹൈസ്ക്കൂൾ കെട്ടിടവും നിർമ്മാണം ആരംഭിച്ചിട്ടുള്ളതുമായ ക്ലാസ്സ് മുറി/ലൈബ്രറി കെട്ടിടവും കെട്ടിട നിർമ്മാണ ചട്ടങ്ങൾ പാലിച്ചിട്ടില്ലാത്തതിനാൽ കേരളാ പഞ്ചായത്ത് കെട്ടിട നിർമ്മാണചട്ടം, 2019, ചട്ടം 3(4) (ബി) പ്രകാരം ഇളവനുവദിക്കുന്നതിനായി നന്മണ്ട ഹയർ സെക്കന്ററി സ്കൂൾ കമ്മിറ്റി മാനേജരുടെ അപേക്ഷയും അനുബന്ധരേഖകളും പരാമർശം പ്രകാരം ചീഫ് ടൗൺ പ്ളാനർ ലഭ്യമാക്കുകയുണ്ടായി.

2. പ്രസ്തുത സ്കൂൾ കെട്ടിടങ്ങളിൽ വന്നിട്ടുള്ള ചട്ടലംഘനങ്ങളിൽ ചുവടെപ്പറയുന്ന ചട്ടങ്ങളിൽ നിന്നും ഇളവനുവദിക്കേണ്ടതുണ്ടെന്ന് ചീഫ് ടൌൺ പ്ലാനർ വ്യക്തമാക്കിയിരുന്നു.

**1. ചട്ടം27(2)- കവറേജ്**

നിലവിലുള്ള കെട്ടിടങ്ങളും നിർമ്മാണം പൂർത്തിയാക്കിക്കഴിഞ്ഞ ഹൈ സ്കൂൾ കെട്ടിടവും നിർമ്മാണം നടന്നു കൊണ്ടിരിക്കുന്ന Class room/Library കെട്ടിടവും പരിഗണിക്കുമ്പോൾ ആകെ കവറേജ് 44.27% ആയി വർദ്ധിക്കുന്നു.

അപേക്ഷകൻ നേരിട്ട് സമർപ്പിച്ചിട്ടുള്ള നൻമണ്ട ഗ്രാമപഞ്ചായത്ത് പ്രസിഡണ്ടിന്റെ

15/04/2024-ലെ സാക്ഷ്യപത്രത്തിൽ നൻമണ്ട ഹയർസെക്കൻഡറി സ്കൂളിന് നൻമണ്ട വില്ലേജിൽ റി.സ.327/4 എ-യിൽ ഉൾപ്പെട്ടതുമായ 1 ഏക്കർ 41.78 സെന്റ് കളിസ്ഥലം പ്രസ്തുത സ്കൂളിന് സമീപത്തായി സ്വന്തമായി ഉണ്ടെന്നതും നാട്ടിൻപുറത്തെ കുട്ടികൾ ആശ്രയിക്കുന്ന പൊതുവിദ്യാഭ്യാസ കെട്ടിടം ആണെന്നതും ഹൈസ്കൂൾ കെട്ടിടനിർമ്മാണം പൂർത്തികരിച്ചു കഴിഞ്ഞതും Class room/Library കെട്ടിടത്തിന്റെ നിർമ്മാണം നടന്നു കൊണ്ടിരിക്കുന്നതും മറ്റ് മാർഗ്ഗങ്ങളിലൂടെ ടി കെട്ടിടങ്ങൾ ക്രമവൽക്കരിക്കാൻ സാധ്യമല്ലെന്നു ജില്ലാ ടൗൺ പ്ലാനർ അറിയിച്ചിരിക്കുന്നതും മറ്റും കണക്കിലെടുത്ത് കേരളാ പഞ്ചായത്ത് കെട്ടിട നിർമ്മാണചട്ടം, 2019, ചട്ടം 3(4) പ്രകാരം പ്രസ്തുത ചട്ടത്തിൽ ഇളവിന് പരിഗണിക്കാവുന്നതാണെന്ന് ചീഫ് ടൌൺ പ്ലാനർ ശുപാർശ ചെയ്തിട്ടുണ്ട്.

2.. ചട്ടം 26(5)- കെട്ടിടങ്ങൾ തമ്മിലുള്ള അകലം

നിലവിലുള്ള ഹയർ സെക്കൻഡറി കെട്ടിടവും ക്രമവൽക്കരിക്കേണ്ടുന്ന ഹൈ സ്കൂൾ കെട്ടിടവും തമ്മിൽ ലഭ്യമായിട്ടുള്ള അകലം 1.50m2 ആണ്.

ഇളവ് ആവശ്യപ്പെടുന്ന, നിർമ്മാണം പൂർത്തീകരിച്ച് കഴിഞ്ഞ ടി ഹൈ സ്കൂൾ കെട്ടിടം 170.24m2 മാത്രം ബിൽറ്റ്അപ്പ് ഏരിയാ വിസ്തീർണ്ണമുള്ള ചെറിയ ഒരുനിലക്കെട്ടിടം ആണെന്നതും കെട്ടിടങ്ങൾ തമ്മിൽ 1.50m അകലം ലഭ്യമാണെന്നുള്ളതും നാട്ടിൻപുറത്തെ കുട്ടികൾ ആശ്രയിക്കുന്ന പൊതുവിദ്യാഭ്യാസക്കെട്ടിടം ആണെന്നതും നിർമ്മാണം പൂർത്തീകരിച്ചു കഴിഞ്ഞ ടി ഹൈസ്കൂൾ കെട്ടിടം മറ്റ് മാർഗ്ഗങ്ങളിലൂടെ ക്രമവൽകരിക്കാൻ സാധ്യമല്ലെന്നു ജില്ലാ ടൗൺ പ്ലാനർ അറിയിച്ചിരിക്കുന്നതും മറ്റും കണക്കിലെടുത്ത് കേരളാ പഞ്ചായത്ത് കെട്ടിട നിർമ്മാണചട്ടം, 2019 ചട്ടം 3(4) പ്രകാരം പ്രസ്തുത ചട്ടത്തിൽ ഇളവിന് പരിഗണിക്കാവുന്നതാണെന്ന് ചീഫ് ടൌൺ പ്ലാനർ ശുപാർശ ചെയ്തിട്ടുണ്ട്.

3 . സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. കഴിഞ്ഞ മുക്കാൽ നൂറ്റാണ്ടായി കാര്യക്ഷമമായി പ്രവർത്തിച്ചു വരുന്നതും രണ്ടായിരത്തോളം വിദ്യാർത്ഥികൾ പഠനം നടത്തുന്ന സ്ഥാപനമാണെന്നതും കണക്കിലെടുത്ത് ഗ്രാമീണമേഖലയിലെ പൊതുവിദ്യാഭ്യാസ സൗകര്യം പ്രോത്സാഹിപ്പിക്കേണ്ടതും പരാമർശം പ്രകാരമുള്ള അഭിപ്രായവും പരിഗണിച്ച്, ചുവടെപ്പറയുന്ന നിബന്ധനകൾക്ക് വിധേയമായി കേരളാ പഞ്ചായത്ത് കെട്ടിട നിർമ്മാണചട്ടം 2019 ലെ ചട്ടം 3(4)ബി പ്രകാരം നിക്ഷിപ്തമായ അധികാരം വിനിയോഗിച്ച് കോഴിക്കോട് ജില്ലയിലെ നന്മണ്ട ഗ്രാപഞ്ചായത്തിൽ പരിധിയിലുള്ള നന്മണ്ട ഹയർ സെക്കന്ററി സ്കൂളിന് ചുവടെ പറയുന്ന നിബന്ധനകൾക്ക് വിധേയമായി ചട്ടം 27(2) - കവറേജ്, ചട്ടം 26(5) - കെട്ടിടങ്ങൾ തമ്മിലുള്ള അകലം എന്നിവയിൽ ഇളവനുവദിച്ച് ഉത്തരവാകുന്നു.

1. കെട്ടിടനിർമ്മാണച്ചട്ടങ്ങളിൽ ഇളവ് ആവശ്യപ്പെടുന്ന കെട്ടിടങ്ങൾ എയ്ഡഡ് വിഭാഗത്തിൽ ഉൾപ്പെടുന്നതാണെന്നും ടി നിർമ്മാണങ്ങൾ 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ടിലെ 220(ബി) ഉൾപ്പെടെയുള്ള വകുപ്പുകൾ പാലിക്കുന്നുണ്ടെന്നും സെക്രട്ടറി പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതാണ്.
2. സർക്കാരിൽ നിന്നും ഇളവ് അനുവദിച്ച് തരുന്ന KPBR, 2019-ലെ 27(2) - കവറേജ്, ചട്ടം 26(5)- കെട്ടിടങ്ങൾ തമ്മിലുള്ള അകലം എന്നിവ ഒഴികെ മറ്റെല്ലാ കെട്ടിടനിർമ്മാണച്ചട്ടങ്ങളും ബാധകമായ നിയമങ്ങളും പാലിക്കേണ്ടതാണ്.
3. നിയമാനുസൃതം ആവശ്യമായ അനുമതി/NOC എന്നിവ ലഭ്യമാക്കി മാത്രമേ ബിൽഡിംഗ് പെർമിറ്റ് / ഒക്യൂപ്പൻസി എന്നിവ അനുവദിക്കാവൂ.
4. പ്ലോട്ടിന്റെ കവറേജ് അധികരിക്കുന്ന യാതൊരു വിധ നിർമ്മാണവും ഭാവിയിൽ അനുവദനീയമല്ല. സ്കൂൾ കെട്ടിടങ്ങളിൽ റൂമുകൾ ഒഴിവുള്ള പക്ഷം അവയിൽ കുട്ടികൾക്കായി ഇൻഡോർ ഗെയിംസ്/റിക്രിയേഷൻ സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെന്ന് സെക്രട്ടറി കാലാകാലങ്ങളിൽ പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതാണ്.
5. സ്കൂൾ കോമ്പൗണ്ടിൽ അനധികൃതനിർമ്മാണങ്ങൾ ഉണ്ടെങ്കിൽ ആയത് ചട്ടപ്രകാരം ക്രമവൽക്കരിക്കുകയോ പൊളിച്ച് കളയുകയോ ചെയ്യേണ്ടതാണ്.
6. പഞ്ചായത്തിന്റെ മുൻകൂർ അനുമതി വാങ്ങാതെയും കെട്ടിടനിർമ്മാണച്ചട്ടങ്ങൾ ലംഘിച്ചും കൊണ്ട് സ്കൂൾ അധികൃതർ അനധികൃതമായി നിർമ്മാണങ്ങൾ നടത്തിയിട്ടുള്ളത് ഭാവിയിൽ യാതൊരു കാരണവശാലും ആവർത്തിക്കരുത്. അത്തരം അനധികൃത നിർമ്മാണങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ പഞ്ചായത്ത് സെക്രട്ടറി ആയതിനെതിരെ ചട്ടപ്രകാരമുള്ള നടപടികൾ കൈക്കൊള്ളേണ്ടതും അക്കാര്യം അടിയന്തിരമായി സർക്കാരിലേക്ക് റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
H MUHAMMED FAISAL
ഡെപ്യൂട്ടി സെക്രട്ടറി

1. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയം ഭരണ വകുപ്പ്, തിരുവനന്തപുരം.
2. ചീഫ് ടൗൺ പ്ലാനർ, തിരുവനന്തപുരം.
3. ജില്ലാ ടൗൺ പ്ലാനർ, കോഴിക്കോട്
4. സെക്രട്ടറി, നന്മണ്ട ഗ്രാമ പഞ്ചായത്ത്

5. മാനേജർ, നന്മണ്ട ഹയർ സെക്കന്ററി സ്കൂൾ

6. ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ (തദ്ദേശസ്വയംഭരണ വകുപ്പിന്റെ ഓദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

7. ഇൻഫർമേഷൻ ഓഫീസർ (വെബ് & ന്യൂ മീഡിയ)

8. സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by

Rajesh N

Date: 06-06-2024 10:47:36